"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സൈനിക ക്ഷേമ വകുപ്പ് -ജില്ലാ സൈനിക ക്ഷേമ ഓഫീസറായ ശ്രീ. സന്തോഷ് വി.ആർ -ന് മിലിട്ടറി സേവനകാലം കൂടി കണക്കാക്കി പ്രവേശന തസ്തികയിൽ ഒന്നാം സമയബന്ധിത ഹയർഗ്രേഡ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സൈനിക ക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.46/2025/SWD തീയതി,തിരുവനന്തപുരം, 12-08-2025

---

പരാമർശം:-
1. 26.06.2019 ലെ സ.ഉ.(കൈ)നം.14/2019/സൈ.ക്ഷേ.വ ഉത്തരവ്.
2. സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ ഇൻ ചാർജ്ജിന്റെ 24.07.2024 ലെ ഡി.എസ്.ഡബ്ല്യൂ./523/2022-എ1 നമ്പർ കത്ത്.
3. 13.12.2024 ലെ സ.ഉ.(പി)നം.108/2024/ധന ഉത്തരവ്.

**ഉത്തരവ്**

സൈനിക ക്ഷേമ വകുപ്പിൽ പരാമർശം (1) പ്രകാരം ജില്ലാ സൈനിക ക്ഷേമ ഓഫീസറായി നിയമിതനായി, 08.07.2019 ൽ സേവനത്തിൽ പ്രവേശിച്ച ശ്രീ.സന്തോഷ് വി.ആർ ന്റെ മുൻകാല സൈനിക സേവനകാലയളവ് (22 വർഷത്തിലധികം) കണക്കിലെടുത്ത് ടിയാൾക്ക് ഒന്നാം സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ ഇൻ ചാർജ്ജ് സർക്കാരിനോട് പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് ജില്ലാ സൈനിക ക്ഷേമ ഓഫീസർ തസ്തികയിൽ സേവനം അനുഷ്ഠിച്ചുവരുന്ന ശ്രീ.സന്തോഷ് വി.ആർ- ന് ടിയാളുടെ മുൻകാല മിലിട്ടറി സേവനകാലം കണക്കാക്കി, ടിയാൾ ജില്ലാ സൈനിക ക്ഷേമ ഓഫീസർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച 08.07.2019 തീയതി പ്രാബല്യത്തിൽ പതിനൊന്നാം ശമ്പളപരിഷ്കരണ ഉത്തരവിലെ Annexure VI ഖണ്ഡിക 7 -ന്റെ അടിസ്ഥാനത്തിൽ, ടി ഉത്തരവിലെ Annexure 1 പ്രകാരമുള്ള അയോഗ്യതാ സ്കെയിലായ 63700-123700 ശമ്പളസ്കെയിലിൽ KSR Part 1 Rule 28 A നിർണ്ണയാനുകൂല്യത്തോടെ അനുവദിച്ചും, തുടർന്ന് ടിയാൾ പ്രവേശനതസ്തികയിലെ നിരീക്ഷണകാലം പൂർത്തിയാക്കി സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകളെല്ലാം കൈവരിച്ച് സ്ഥാനക്കയറ്റത്തിനു അർഹനാകുന്ന തീയതി പ്രാബല്യത്തിൽ, ടിയാൾക്ക് Annexure

VI പട്ടിക IV പ്രകാരം യോഗ്യതാ സ്കെയിലായ 63700-123700 ശമ്പളസ്കെയിലിൽ KSR Part-1 Rule 30 പ്രകാരം ഉടരുന്നതിനും, കൂടാതെ സന്തോഷ് വി.ആർ - ന് പ്രമോഷൻ തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ച് ടി തസ്തികയിൽ പ്രവേശിക്കുന്ന തീയതി പ്രാബല്യത്തിൽ ടിയാളുടെ ശമ്പളം പ്ര◌െ◌ാമോഷൻ തസ്തികയുടെ ശമ്പളസ്കെയിലിൽ KSR Part-1 Rule 30 പ്രകാരം നിർണ്ണയിക്കേണ്ടതാണെന്നുമുള്ള വ്യവസ്ഥകൾക്ക◌ു◌ം വിധേയമായി ടിയാൾക്ക് ഒന്നാം സമയബന്ധിത ഹയർഗ്രേഡ് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സ്മിത എം വി
ഡെപ്യൂട്ടി സെക്രട്ടറി

1. ഡയറക്ടർ ഇൻ ചാർജ്ജ്, സൈനിക ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
2. ശ്രീ.സന്തോഷ് വി.ആർ, ജില്ലാ സൈനിക ക്ഷേമ ഓഫീസർ, ആലപ്പുഴ (ഡയറക്ടർ ഇൻ ചാർജ്ജ് മുഖേന)
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
5. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
6. സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Aravind R S
Date: 12-08-2025 13:31:02
സെക്ഷൻ ഓഫീസർ